പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1805

25.03.13-ൽ മറുപടിക്ക്

# മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ജോസഫ് വാഴക്കൻ<br>,, വി. റ്റി. ബൽറാം<br>,, ഷാഫി പറമ്പിൽ<br>,, സണ്ണി ജോസഫ് | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (എ) | ദേശീയ സഹകരണ വികസന കോർപ്പറേഷൻ, എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി., എന്നീ ധനകാര്യ ഏജൻസികൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും വിവിധ ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള ധനസഹായം നൽകി വരുന്നു കൂടാതെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ വനിതകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സാഫ് മുഖേന തീരമൈത്രി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ഈ പദ്ധതികളനുസരിച്ച് എന്തെല്ലാം ധനസഹായങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത് ; | (ബി) | ഈ പദ്ധതികളനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന വിവിധ ധനസഹായങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി<br>2) നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി.യിൽ താഴെയുള്ള ഔട്ട്ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം പരമാവധി 10,000 രൂപ വരെ സബ്സിഡി നൽകി വരുന്നു.<br>3) മത്സ്യബന്ധന വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 6,000 രൂപ വരെ സബ്സിഡി നൽകി വരുന്നു.<br>4) ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി സ്വയം തൊഴിലിനായി ചുരുങ്ങിയ പലിശ നിരക്കിലുള്ള വായ്പകൾ നൽകി വരുന്നു.<br>5) സർക്കാർ ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും വഴി വായ്പയെടുത്ത് മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് വായ്പാതുകയുടെ 25 ശതമാനം വരെ സബ്സിഡി നൽകി വരുന്നു.<br>6) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ . കീഴിലുള്ള അംഗങ്ങളെ സ്വയം സഹായ ഗ്രൂപ്പുകളായി സംഘടിപ്പിച്ചുകൊണ്ട് 6% പലിശ നിരക്കിൽ മൈക്രോ ഫൈനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരു വ്യക്തിക്ക് 10,000 രൂപ മുതൽ 20,000 രൂപ വരെ വിവിധ ഘട്ടങ്ങളിലായി സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്യുന്നു.<br>7) സംസ്ഥാന സർക്കാർ മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്ന പലിശ രഹിത വായ്പാ പദ്ധതി പ്രകാരം മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് 5000 രൂപ മുതൽ 15000 രൂപ വരെ വിവിധ ഘട്ടങ്ങളിൽ പലിശരഹിത വായ്പയായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്തു വരുന്നു.<br>8) തീരമൈത്രി പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി കുടുംബത്തിലെ വനിതകൾക്ക് ചെറു തൊഴിൽ സംരംഭങ്ങൾ ചെയ്തു സ്വന്തമായി വരുമാനമുണ്ടാക്കുന്നതിനും അവ നിലനിർത്തി കൊണ്ടു പോകുന്നതിനുള്ള ധനസഹായമാണ് നൽകി വരുന്നത്. |
| (സി) | ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് ? | (സി) | എൻ.സി.ഡി.സി., എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി., എന്നീ ഏജൻസികളുടെ സഹായത്തോടെ മത്സ്യഫെഡും, സാഫും മുഖേനയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ